# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ :1360

04.12.2014 -ൽ മറുപടിയ്ക്ക്

## ഉപഭോക്തൃഫോറങ്ങൾ

ചോദ്യം
ശ്രീ. എം. എ. വാഹീദ്.
ശ്രീ. റ്റി. എൻ. പ്രതാപൻ
ശ്രീ. ഹൈബി ഈഡൻ
ശ്രീ. വി.പി. സജീന്ദ്രൻ

ഉത്തരം
ശ്രീ.അനൂപ് ജേക്കബ്
(ഭക്ഷ്യവും പൊതുവിതരണവും
ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഉപഭോക്തൃ ഫോറങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ ; | (എ) | ഉണ്ട്. സംസ്ഥാനതലത്തിൽ ഉപഭോക്തൃ തർക്ക പരിഹാരകമ്മീഷനും, ജില്ലാ തലങ്ങളിൽ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളും പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഫോറങ്ങൾ പ്രവർത്തിക്കുന്നു. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഫോറത്തിന്റെ പ്രവർത്തനം വഴി കൈവരിക്കാനുദ്ദേശിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകാമോ ; | (ബി) | ഉപഭോക്താവ് എന്ന നിലയിലുള്ള പൊതുജനങ്ങളുടെ ക്ഷേമം ഉറപ്പാക്കുകയാണ് പ്രധാനമായും കമ്മീഷന്റെയും ഫോറങ്ങളുടേയും പ്രവർത്തനം വഴി ലക്ഷ്യമിടുന്നത്. ഉപഭോക്താവിന്റെ സുരക്ഷയ്ക്കുള്ള അവകാശം, ഉല്പന്നം/സേവനം സബന്ധിച്ചുള്ള എല്ലാ വിവരങ്ങളും അറിയാനുള്ള അവകാശം, തെരഞ്ഞെടുക്കുവാനുള്ള അവകാശം, പരാതിപ്പെടാനുള്ള അവകാശം, പരിഹാരം തേടാനുള്ള അവകാശം, ഉപഭോക്തൃ വിദ്യാഭ്യാസത്തിനുള്ള അവകാശം എന്നിവ സംരക്ഷിക്കപ്പെടേണ്ടതും ഇവയുടെ പ്രധാന ലക്ഷ്യങ്ങളിൽപ്പെടുന്നു. ഉപഭോക്താക്കൾക്ക് കുറഞ്ഞ ചെലവിൽ വേഗത്തിൽ പരാതി പരിഹാരം ലഭ്യമാക്കുക എന്നതും ഫോറങ്ങൾ ലക്ഷ്യമിടുന്നു. |
| (സി) | ഉപഭോക്തൃ ഫോറങ്ങൾ പുന:സംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ; | (സി) | ജില്ലാ ഉപഭോക്തൃഫോറങ്ങൾ ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിനുള്ള സ്ഥിരം സംവിധാനങ്ങളാണ്. ഉപഭോക്തൃ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് ഉപഭോക്തൃ ഫോറങ്ങളിലെ പ്രസിഡണ്ടിന്റെയും മെമ്പർമാരുടെയും നിയമനം 5 വർഷത്തേക്കോ അല്ലെങ്കിൽ 65 വയസ്സ് തികയുന്നതുവരെയോ ആയിരിക്കും. പ്രസിഡണ്ടുമാരും മെമ്പർമാരും വിരമിക്കുന്ന മുറയ്ക്ക് സെലക്ഷൻ കമ്മിറ്റി കൂടി പുതിയ നിയമനം നടത്തി വരുന്നു. ഉപഭോക്തൃഫോറങ്ങൾ പുന: സംഘടിപ്പിക്കുവാൻ ഉപഭോക്തൃനിയമത്തിൽ വ്യവസ്ഥകളില്ല. |

| | | | |
|---|---|---|---|
| ഡി) | ഇത്തരം ഫോറങ്ങൾ പ്രാദേശികമായി പുന:സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ നൽകുമോ ? | (ഡി) | നിലവിൽ എല്ലാ ജില്ലകളിലും ജില്ലാഫോറങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ജില്ലാ ഫോറങ്ങളുടെ താലൂക്ക്തല സിറ്റിംഗുകൾ സർക്കാർ ലക്ഷ്യമിടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.